**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3435** **26-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് വിതരണം ചെയ്യുന്ന നടീൽവസ്തുക്കളുടെ ഗുണമേന്മ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന നടീൽവസ്തുക്കൾ ഗുണമേന്മ കുറഞ്ഞവയാണെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികൾ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും 13.12.2005ലെ സ.ഉ.(സാധാ) നം. 1796/2005/ കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം തൈകൾ ഉത്പാദിപ്പിക്കുന്ന നഴ്സറികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തി തൈകൾ ഗുണമേന്മ ഇല്ലാത്തതാണ് എന്നു കണ്ടെത്തുകയോ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതാണ്. |
| (ബി) | പൊള്ളാച്ചി വിത്തു തേങ്ങ ഉൾപ്പെടെ സ്വകാര്യ നഴ്സറികളിൽ നിന്നും ഗുണമേന്മയില്ലാത്ത നടീൽവസ്തുക്കൾ വാങ്ങി കേരള കാർഷിക സർവ്വകലാശാലയുടെ ലേബലിൽ വിൽക്കുന്നതുമായി ബന്ധപ്പെട്ട് കുറ്റക്കാരായവർക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | കാർഷിക സർവ്വകലാശാല വർഷം തോറും രണ്ട് ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ചു വിതരണം ചെയ്തു വന്നിരുന്നു. 2019 മുതൽ നാളികേര വികസന കൗൺസിലിന് മൂന്ന് ലക്ഷം തൈകൾ അധികമായി നൽകേണ്ടി വന്നതിനാൽ ഏകദേശം അഞ്ച് ലക്ഷത്തോളം തൈകൾ ഉത്പാദിപ്പിക്കേണ്ടതായി വരുന്നു. നിലവിൽ കേരളത്തിലെ കർഷകരിൽ നിന്നും വിവിധ ഫാമുകളിൽ നിന്നും ഗുണമേന്മയുള്ള മൂന്ന് ലക്ഷം വിത്ത് തേങ്ങ മാത്രമേ ലഭ്യമാകുന്നുള്ളൂ. ഇവയിൽ നിന്നും 2,32,109 വിത്തുകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.അതിനാൽ പശ്ചിമതീര നെടിയ ഇനം (WCT) വിത്തുതേങ്ങകൾ കേരളത്തിന്റെ അതിർത്തി പ്രദേശമായ പൊള്ളാച്ചിയിലെ സർട്ടിഫൈഡ് കേരകർഷകരുടെ തോട്ടങ്ങൾ കേരള കാർഷിക സർവ്വകലാശാലയിൽ വിത്തുതേങ്ങ സംഭരിക്കുന്നതിനായി രൂപീകരിച്ച വിത്തുതേങ്ങ |

| | | | |
|---|---|---|---|
| | | | സംഭരണ സമിതി സന്ദർശിച്ച് തിരഞ്ഞെടുക്കപ്പെട്ട മാതൃ വൃക്ഷങ്ങളിൽ നിന്നും പാക്കേജ് ഓഫ് പ്രാക്ടീസിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഗുണമേന്മയുള്ള വിത്ത് തേങ്ങകൾ സംഭരിച്ചിരുന്നു. ശാസ്ത്രീയമായി നല്ലവണ്ണം പരിപാലിച്ചുവരുന്ന ഈ തോട്ടങ്ങളിൽ നിന്നും സംഭരിച്ച വിത്തുതേങ്ങകൾ നേരത്തെ മുളയ്ക്കുന്നവയും 90% ന് മുകളിൽ അങ്കുരണശേഷിയുള്ളവയുമാണ്. ഈ വിത്തുതേങ്ങയിൽ നിന്നും ഉത്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളിൽ നിന്നും പാക്കേജ് ഓഫ് പ്രാക്ടീസിൽ ശിപാർശ ചെയ്തിരിക്കുന്ന ഗുണമേന്മകൾ അനുസരിച്ചുള്ള തൈകൾ മാത്രമാണ് വിതരണം ചെയ്തു വരുന്നത്. |
| (സി) | "സുഭിക്ഷ കേരളം പദ്ധതി"യുടെ ഭാഗമായി ഇത്തരത്തിൽ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കൾ ഗുണമേന്മ കുറഞ്ഞതു കാരണം സമീപ ഭാവിയിൽ സംസ്ഥാനത്ത് കാർഷിക മേഖലയ്ക്കുണ്ടാകുന്ന തകർച്ച പരിഹരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികൾ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്ത് വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും 13.12.2005ലെ സ.ഉ.(സാധാ) നം. 1796/2005/ കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിർദ്ദേശത്തോടെയാണ് 750/- രൂപ ലൈസൻസ് ഫീസ് വാങ്ങി അർഹതയുള്ള നഴ്സറികൾക്ക് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ രണ്ട് വർഷത്തേക്ക് രജിസ്ട്രേഷൻ അംഗീകാരം നൽകുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം, തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തി, തൈകൾ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തുകയോ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തുകയോ ചെയ്താൽ നടപടികൾ സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നതാണ്. ഫലവൃക്ഷത്തൈകളുടെ ഗുണമേന്മയും വിലയും നിശ്ചയിക്കുന്നതിന് സമഗ്രമായ ഒരു നഴ്സറി നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ